**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - 2023-24 സാമ്പത്തിക വർഷം കൺസ്യൂമർ വെൽഫെയർ കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ഉപഭോക്തൃകാര്യ വകുപ്പ്**

**സ.ഉ.(സാധാ)നം.36/2023/സി.എ.ഡി. തിരുവനന്തപുരം, തീയതി, 26-07-2023.**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) 06-07-2023 ലെ ഉപഭോക്തൃക്ഷേമനിധി കോർപ്പസ് ഫണ്ട് ഗവേണിംങ് ബോഡി യോഗ തീരുമാനം.

2) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 15-07-2023 ലെ CCS/2206/2023-CA2 നമ്പർ കത്ത്.

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷം 2.68 കോടി രൂപയുടെ ഉപഭോക്തൃ ക്ഷേമ/ബോധവൽക്കരണ/ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം 1 പ്രകാരം കേരളാ കൺസ്യൂമർ വെൽഫെയർ കോർപ്പസ് ഫണ്ട് ഗവേണിംഗ് ബോഡി യോഗം അംഗീകാരം നൽകിയിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രാധാന്യമുള്ള പരിപാടികൾക്ക് ചെലവഴിക്കുന്നതിനായി 66.65 ലക്ഷം രൂപ 3456-00-104-99 എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷം 3456-00-104-99 ഉപഭോക്തൃ ക്ഷേമ നിധിയിലെ ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ (NP) എന്ന ശീർഷകത്തിൽ നിന്നും 66,55,000/- രൂപ (അറുപത്താറ് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം അടിയന്തര പ്രാധാന്യമുള്ള പരിപാടികൾക്ക് മാത്രമായി ചെലവഴിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | വിവരണം | തുക |
|---|---|---|
| 1 | വോളന്ററി കൺസ്യൂമർ ഓർഗനൈസേഷനുകൾക്കുള്ള ധനസഹായം | 3,50,000/- |
| 2 | സ്കൂൾ കൺസ്യൂമർ ക്ലബ്ബിനുള്ള ധനസഹായം | 2,00,000/- |

| | | |
|---|---|---|
| 3 | കലകളിലൂടെയുള്ള ബോധവത്ക്കരണം | 5,00,000/- |
| 4 | ലഘുലേഖകളുടെ പ്രിന്റിംഗും വിതരണവും | 2,00,000/- |
| 5 | ഇലക്ട്രോണിക് മീഡിയ വഴി സംപ്രേഷണം ചെയ്യുന്നതിനുള്ള പരസ്യചിത്രങ്ങളുടെ നിർമ്മാണം | 2,00,000/- |
| 6 | സോഷ്യൽ മീഡിയ പരസ്യം / Promotion / including skill hiring | 6,00,000/- |
| 7 | രാജീവ്ഗാന്ധി അവാർഡ്, മറ്റ് അവാർഡ് ദാന ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾ | 3,00,000/- |
| 8 | പ്രിന്റ് മീഡിയ വഴിയുള്ള പരസ്യം | 5,50,000/- |
| 9 | എക്സിബിഷൻ സ്റ്റാളുകളും വിവിധ ഉപഭോക്തൃ ദിനാഘോഷങ്ങളും സംഘടിപ്പിക്കുന്നതിന് | 15,00,000/- |
| 10 | റേഡിയോ/എഫ്.എം./AIR & കമ്മ്യൂണിറ്റി റേഡിയോ വഴിയുള്ള പരസ്യം / സന്ദേശം | 5,00,000/- |
| 11 | ഉപഭോക്തൃബോധവത്ക്കരണ വാഹനത്തിന്റെ ദിവസ വേതന ഡ്രൈവറുടെ ശമ്പളം / പെട്രോൾ ചാർജ്ജുകൾ / വാഹനത്തിന്റെ മെയിന്റനൻസ് / മറ്റ് ചെലവുകൾ | 3,55,000/- |
| 12 | ഉപഭോക്തൃബോധവത്ക്കരണ കൺസ്യൂമർ പോളിസി മാഗസിൻ – ഉപഭോക്തൃകേരളം തയ്യാറാക്കലും പ്രസിദ്ധീകരണവും | 4,00,000/- |
| 13 | സോഷ്യൽ മീഡിയ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് | 5,00,000/- |
| 14 | സ്കൂൾ കോളേജ് തലങ്ങളിലും ദത്ത് ഗ്രാമങ്ങളിലും ഉപഭോക്തൃബോധവത്ക്കരണ പരിപാടികളും സർവ്വേകളും നടത്തുന്നതിനായി നാഷണൽ സർവീസ് സ്കീമിന് നൽകാവുന്ന ധനസഹായം | 5,00,000/- |
| | **ആകെ** | **66,55,000/-** |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.എം.അലി അസ്ഗർ പാഷ ഐ.എ.എസ്.

സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ